(ബി) എത്ര ടൺ സ്വർണ്ണത്തിന്റെ നിക്ഷേപം ഈ സ്ഥലങ്ങളിലുണ്ട്;

(സി) ഇത് ലാഭകരമായി ഖനനം ചെയ്യുവാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. നിലമ്പൂരിലെ മരുത പ്രദേശത്ത് നടത്തിയ വിശദ പഠനങ്ങളിൽ ഒരു ടൺ പാറയിൽ 4 ഗ്രാം സ്വർണ്ണം എന്ന തോതിലുള്ള 0.55 ദശലക്ഷം ടൺ നിക്ഷേപം ഉള്ളതായും, ചാലിയാർ, പുന്നപുഴ എന്നീ നദികളുടെ മണൽത്തിട്ടകളിൽ ഒരു ഘനമീറ്ററിന് 0.7 ഗ്രാം എന്ന തോതിൽ 30 ദശലക്ഷം ക്യു. മീറ്റർ പ്ലാസർ സ്വർണ്ണം അടങ്ങിയ ചരലും കണ്ടെത്തിയിട്ടുണ്ട്.

2. അട്ടപ്പാടിയിലെ പുട്ടുമലയിൽ 12.98 ഗ്രാം/ടൺ എന്ന തോതിൽ സ്വർണ്ണം അടങ്ങിയിട്ടുള്ള 0.98 ദശലക്ഷം ടൺ പാറയും, കോടുത്തറയിൽ 14.99 ഗ്രാം/ടൺ എന്ന തോതിൽ 0.0067 ദശലക്ഷം ടൺ പാറയും കണ്ടെത്തിയിട്ടുണ്ട്.

3. വയനാട്ടിൽ സ്വർണ്ണം കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ വിശദ പര്യവേക്ഷണം നടത്തി ലോഹത്തിന്റെ തോതും അളവും തിട്ടപ്പെടുത്താനുണ്ട്.

(സി) ഇതു ലാഭകരമായി ഖനനം ചെയ്യാൻ കഴിയുമോ എന്ന കാര്യത്തിൽ ഇനിയും വിദഗ്ദ്ധ പഠനങ്ങൾ നടത്താനുണ്ട്.

നെയ്യാറ്റിൻകര താലൂക്കിലെ പാറ ഖനനം

39 [497] *ശ്രീ. ജി. കാർത്തികേയൻ:*
,, *പി. ടി. തോമസ്:*
,, *ബി. വിജയകുമാർ:*

പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിൽ എത്ര സ്ഥലത്ത് പാറ പൊട്ടിക്കുവാൻ ലൈസൻസ് കൊടുത്തിട്ടുണ്ട്;

(ബി) അവിടെ ഇപ്പോൾ എത്ര സ്ഥലത്ത് പാറ പൊട്ടിക്കൽ നടക്കുന്നുണ്ട്;

(സി) ഏതു വിധത്തിൽ പാറ പൊട്ടിക്കുന്നതിനാണ് ലൈസൻസ്പ്രകാരം അനുവാദമുള്ളത്;

(ഡി) ലൈസൻസിൽ പറഞ്ഞിട്ടുള്ളപ്രകാരം തന്നെയാണോ പാറ പൊട്ടിക്കുന്നതെന്നുറപ്പാക്കേണ്ടത് ആരാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അവിടെയെല്ലായിടത്തും ജാക്ക് ഹാമറുപയോഗിച്ച് പാറ പൊട്ടിക്കുകയാണോ ചെയ്യുന്നതെന്നന്വേഷിക്കുമോ?

ഉത്തരം

(എ) 2004-2005 സാമ്പത്തികവർഷത്തിൽ നെയ്യാറ്റിൻകര താലൂക്കിൽ 130 സ്ഥലങ്ങളിലായി 130 പേർക്ക് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽനിന്നും വിവിധ കാലയളവിലായി പാറ പൊട്ടിക്കുന്നതിന് ക്വാറിയിങ്ങ് പെർമിറ്റ് അനുവദിച്ചിരുന്നു. 1-4-2005 മുതൽ 30-6-2005 വരെ 30 സ്ഥലത്തായി 30 പേർക്കും ക്വാറിയിങ്ങ് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. കൂടാതെ, ഈ താലൂക്കിൽ 38 പേർക്ക് ഖനനപാട്ടത്തിനുള്ള അനുമതിയും നിലവിലുണ്ട്.

(ബി) നിലവിൽ 30 സ്ഥലത്ത് 30 പേർക്ക് പാറ പൊട്ടിക്കുന്നതിനുള്ള ലൈസൻസ് നൽകിയിട്ടുണ്ട്. ലീസിന്റെ അടിസ്ഥാനത്തിൽ 38 ഖനനപാട്ടങ്ങളുള്ളതിൽ ഇപ്പോൾ 11 പേർ മാത്രമേ ഖനനപ്രവർത്തനം തുടരുന്നുള്ളൂ.

(സി) 1967-ലെ കെ.എം.എം.സി. ചട്ടങ്ങൾപ്രകാരം കരിങ്കൽ പൊട്ടിക്കാനാണ് പെർമിറ്റ് നൽകിയിട്ടുള്ളത്. ഇത് പൊട്ടിക്കുന്നതിന് പ്രത്യേക പ്രക്രിയയൊന്നും നിയമത്തിൽ നിർദ്ദേശിച്ചിട്ടില്ല. ഖനിയുടെയും പരിസരത്തിന്റെയും സുരക്ഷിതത്വത്തിനുള്ള നിയമങ്ങൾ മാത്രമേ നിലവിലുള്ളൂ.

(ഡി) ലൈസൻസിലെ നിയന്ത്രണം നടപ്പാക്കേണ്ടത് ലൈസൻസ് നൽകുന്ന അധികാരിതന്നെയാണ്. ഇത് റിവ്യൂ ചെയ്യുവാൻ മൈനിങ് ആന്റ് ജിയോളജി ഡയറക്ടർക്ക് അധികാരമുണ്ട്. കൂടാതെ, റവന്യൂ പോലീസ് അധികാരികൾക്കും ചില നിയന്ത്രണാധികാരം നൽകിയിട്ടുണ്ട്.

(ഇ) ജാക്ക് ഹാമർ പാറയിൽ തുളയിടുന്നതിനുള്ള ഉപകരണമാണ്. ഇതിന്റെ ഉപയോഗം നിരോധിച്ചിട്ടില്ല.

മഞ്ചേശ്വരം മണ്ഡലത്തിൽ ഖനിജം കണ്ടെത്തൽ

40 [498] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ അനന്തപുരത്തും മീഞ്ചന്തയിലും ഖനിജം കണ്ടെത്തിയിട്ടുണ്ടോ;

(ബി) എത് ഖനിജമാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) ഇതു സംബന്ധിച്ച് പരിശോധന പൂർത്തിയാക്കിയോ;

(ഡി) അനന്തപുരത്തും മീഞ്ചന്തയിലും ഇതുമായി ബന്ധപ്പെട്ട വ്യവസായശാലകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly